# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3187

## 11.05.2017 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.ടി.എ. അഹമ്മദ് കബീർ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 13-ാം കേരളാ നിയമസഭയുടെ കാലപരിധിയിൽ നിയമസഭാ സാമാജികർക്ക് പ്രതിവർഷം അനുവദിച്ചിരുന്ന ആസ്തി വികസന ഫണ്ടിൽ (എൽ.എ.സി -എ.ഡി.എസ്) നിന്നും നടപ്പാക്കാൻ ഭരണാനുമതി നൽകിയതും എന്നാൽ സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കുവാൻ സാധ്യമാകാതിരുന്നതുമായ പദ്ധതികളുടെ തുക മറ്റു പദ്ധതികൾക്ക് നൽകുവാൻ നിയമതടസ്സമുണ്ടോ; വിശദീകരിക്കാമോ; | 12.04.2016-ലെ സർക്കുലർ നം. 33/2016/ധന. പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 01.04.2016 ന് ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 13-ാം കേരള നിയമസഭയുടെ കാലപരിധിയിൽ തന്നെയാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. സർക്കുലറിലെ നിർദ്ദേശങ്ങൾ പുന:പരിശോധിക്കുന്നത് പരിഗണനയിലില്ല. |
| (ബി) | ഇതു സംബന്ധിച്ച് സർക്കാർ 2016 ൽ പുറപ്പെടുവിച്ച സർക്കുലർ പുനഃപരിശോധിച്ച് ഇത്തരം സാഹചര്യങ്ങളിൽ ചെലവഴിക്കാൻ സാധിക്കാതെപോയ പദ്ധതികൾക്കു പകരം കുടിവെള്ളപദ്ധതി പോലുള്ള ജനോപയോഗപ്രദമായ പദ്ധതികൾക്ക് തുക നൽകുംവിധം സർക്കുലർ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ